പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2893

28.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

കുളത്തൂർ വി.എച്ച്.എസ്.ഇ സ്കൂളിന്റെ സ്ഥലം

ചോദ്യം

ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

ശ്രീ.പി.കെ.അബ്ദു റബ്ബ്
(മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്നത്)

| | | | |
|---|---|---|---|
| (എ) | കുളത്തൂർ വി.എച്ച്.എസ്.ഇ സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടോ; എങ്കിൽ സ്ഥലത്തിന്റെ അളവും സർവ്വേ നമ്പരും വ്യക്തമാക്കുമോ; ഭൂമി എങ്ങനെയാണ് വി.എച്ച്.എസ്.ഇ വകുപ്പിന് ലഭ്യമായത്; വിശദമാക്കാമോ; | (എ) | കുളത്തൂർ വി.എച്ച്.എസ്.എസ്എന്ന് അറിയപ്പെടുന്ന വിദ്യാലയം 1865-ൽ ആരംഭിച്ചതായി ജില്ലാ പഞ്ചായത്ത് പ്രസിദ്ധീകരിച്ച 'ഏടുകൾ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്കൂളിന് കുളത്തൂർ വില്ലേജിൽ ബ്ലോക്ക് -46-ൽ റീസർവേ നമ്പർ 87 പ്രകാരം 4.528 ഹെക്ടർ ഭൂമിയുണ്ട്. ടി സ്കൂളിൽ വി.എച്ച്.എസ്.ഇ. സെക്ഷൻ 1983-ൽ ആരംഭിച്ചു. വി.എച്ച്.എസ്.ഇ സെക്ഷന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. |
| (ബി) | വി.എച്ച്.എസ്.ഇ കോമ്പൗണ്ടിൽ നിന്നും ഭൂമി മറ്റേതെങ്കിലും വകുപ്പിനോ സ്ഥാപനത്തിനോ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | വി.എച്ച്.എസ്.ഇ കോമ്പൗണ്ടിൽ ആകെ 12 ഏക്കറോളം ഭൂമി ഉണ്ടായിരുന്നതിൽ നിന്ന് സർക്കാർ ഉത്തരവ് നം.612190 റവന്യൂ വകുപ്പ് തീയതി 05.10.1990 പ്രകാരം 5 ഏക്കർ കുളത്തൂർ ടെക്നിക്കൽ സ്കൂളിന് വേണ്ടി 1990ൽ വിട്ട് നൽകിയിട്ടുണ്ട്. നിലവിൽ സ്കൂളിന് 7 ഏക്കർ സ്ഥലം മാത്രമാണുള്ളത്. <br> നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനുവദിച്ച ഗവ. ആർട്സ് & സയൻസ് കേളേജ്, കുളത്തൂർ വി.എച്ച്.എസ്.എസ്. കോമ്പൗണ്ടിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി നെയ്യാറ്റിൻകര മുൻ എം.എൽ.എ ബഹു. ആർ.ശെൽവരാജ് അവർകളുടെ അധ്യക്ഷതയിൽ 19.10.2013-ൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നു. ടി യോഗത്തിൽ കുളത്തൂർ വില്ലേജിൽ ബ്ലോക്ക് 46-ൽ സർവേ നമ്പർ 83, 87 നമ്പരുകളിൽ സ്ഥിതിചെയ്യുന്ന 18 ഏക്കറോളം ഭമി ഉള്ളതിൽ 2 ഏക്കർ പി.എച്ച്.സി.ക്ക് പോയിട്ട് ബാക്കി 16 ഏക്കറിൽ നിന്ന് 5 ഏക്കറിൽ കുറയാത്ത ഭൂമി കോളേജിന്റെ പ്രവർത്തനത്തിന് വിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. നിർദ്ദിഷ്ട സ്ഥലത്തിന്റെ സ്കെച്ച് അടിയന്തിരമായി തയ്യാറാക്കാൻ നെയ്യാറ്റിൻകര തഹസിൽദാരെ ചുമതലപ്പെടുത്തി. ടെക്നിക്കൽ |

| | | | |
|---|---|---|---|
| | | | സ്കൂളിന്റെ കെട്ടിടത്തിൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിൽ കോളേജിന്റെ പ്രവർത്തനം നടന്നുവരുന്നു.<br>എന്നാൽ 5-ആം ക്ലാസ് മുതൽ 10-ആം ക്ലാസ് വരെയും ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ. വിഭാഗം ഉൾപ്പെടെ 2000-ത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിന് ആകെ 7 ഏക്കർ സ്ഥലമാണ് നിലവിലുള്ളതെന്നും ഇതിൽ നിന്ന് കോളേജിന് 5 ഏക്കർ സ്ഥലം വിട്ട് നൽകിയാൽ സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുമെന്നും പ്രധാനധ്യാപിക അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.